Code no - 17

## വിഷയം - ഭൂമിയുടെ പാവാട

## ഭൂമി - പാവാടയുടുത്ത ആദ്യ കന്യക

ആദിയിൽ ദൈവം പ്രപഞ്ചം
ചമച്ചതിൻ പിറ്റേന്ന്
സൗരയൂഥത്തിലൊരു
പകലെരിഞ്ഞടങ്ങവെ.
നഗ്നയാം ഭൂമിയുടെ ഉടൽ പൊള്ളി-
യുരുകി ക്കുമിളകളുണ്ടായി

വെന്തുടഞ്ഞടരുന്ന പുത്രിയെ കണ്ടു
കരഞ്ഞുപോയ് ജനകനാം ദൈവം!
കണ്ണീരൊഴുകിയിറങ്ങി വർഷമായ്,
അരുവിയായ് , മഹാപ്രളയമായ്

പൃഥ്വിയുടെ നോവാറിത്തണുത്തന്നാദ്യ
മഴയിൽ.
ഉപ്പുചുവയ്ക്കുന്ന കടൽവെള്ളമുണ്ടായി.

ഋതുമതിയായവൾ പ്രപഞ്ചത്തിൻ
ഉത്തുംഗശിഖരത്തിൽ അനുപമ-
സൗന്ദര്യധാമമായ് വിളങ്ങി.

മിന്നിത്തിളങ്ങുമവളുടെ കണ്ണിലെ
നീലയാഴിയിൽ മയങ്ങിയൊരു
സന്ധ്യയിൽ ദിവാകരനും

Code no - 17.

കർമ്മസാക്ഷിയുടനവൾക്കേകി
ഭംഗിചോരാത്തൊരുടയാടയും
ഹരിതവർണ്ണത്തിൽ ശോണിമ തുന്നിയ
പട്ടുപാവാടയുടുത്തവൾ

അങ്ങനെ,
സൂര്യനവൾക്കു പതിയായ്
പതിവ്രതയായവൾ വലംവച്ചു
നിത്യവും തൻകാന്തനെ ശുശ്രൂഷിച്ചു

സൂര്യനോ
നിത്യവുമവളുടെ പാവാടയിൽ
വസന്തങ്ങൾ വിരിയിച്ചു വർഷത്തിലാറാടിച്ചു
സൂര്യന്റെ കിരണങ്ങൾ ഭൂമിയുടെ
പാവാടയ്ക്കുള്ളിൽ
ഭ്രൂണങ്ങളായ് വളർന്നു.

അങ്ങനെ ഭൂമിയ്ക്കുണ്ടായ്
കോടാനുകോടി മക്കൾ
അമ്മയുടെ പാവാടയിൽ ഒളിച്ചും
കളിച്ചുമവർ വളർന്നു.

വൃക്ഷലതാദികൾ പക്ഷിമൃഗാദികൾ
പിന്നെ മർത്ത്യക്കോമാളികൾ
ഇടിമുഴക്കങ്ങളിൽ സ്വയമൊളിക്കാൻ
അവർക്കമ്മയുടെ പാവാട അഭയമായി
വറുതിയിലമ്മയുടെ ഉത്താൻകുടിയിലെ
നീർമണി മക്കൾക്കു തീർത്ഥമായി
പക്ഷെ

Code no. 17

സൂക്ഷിച്ചുനോക്കിയാൽ ഭൂമിയുടെ
പാവാട ചരടിലൊരു ചോദ്യം
കുരുങ്ങിക്കിടക്കുന്നു.
ഉണ്മയെക്കാളും വളർന്നപ്പോൾ മക്കൾ, മനുഷ്യർ
അമ്മയെ തന്നെ മറന്നോ
ഒന്നും തണുപ്പു മധികരിച്ചപ്പോൾ മക്കൾ
അമ്മയുടെ ഹരിത മംഗല്യപ്പുടവ
കത്തിച്ചു തി കാഞ്ഞുവോ ?
പിഞ്ചിയ പാവാട നൂലുകൾ പൊട്ടിച്ചു
മണിമേടതീർത്തു രസിക്കുന്നിതു ചിലർ
ഭൂമിക്കു സൂര്യൻ സമ്മാനിച്ച പാവാട
ഇന്നു നിറംമങ്ങിക്കറുക്കുന്നു

അമ്മയുടെ പാവാട തന്നിൽ ജനിച്ചവർ
അതിലോടിക്കളിച്ചു വളർന്നവർ
സ്വന്തം വിരൽ നഖം കൊണ്ടതു കീറരുത്
ജീവന്റെ പാത്രം എറിഞ്ഞുടയ്ക്കരുത്
ഭൂമിയുടെ ചേലയഴിക്കരുത് സൂര്യൻ
പൊറുക്കില്ല,
ദൈവം ക്ഷമിക്കില്ല
വീണ്ടുമീ. ഭൂമിയൊരു തീഗോളമാവാതിരിക്കാൻ
കണ്ണിലെ കൃഷ്ണകാന്തമായ് സൂക്ഷിക്കണമമ്മയെ